**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്—ജീവനക്കാര്യം—നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ. ഉ. (കയ്യെഴുത്ത്) നമ്പർ 160/2013/തസ്വഭവ. *തീയതി, തിരുവനന്തപുരം, 2013 ഏപ്രിൽ, 24.*

---

പരാമർശം:— 1. സ. ഉ. (പി.) 87/2011/ധന, തീയതി 28-2-2011.

2. സ. ഉ. (എംഎസ്.) 200/2011/തസ്വഭവ, തീയതി 25-8-2011.

3. നഗരകാര്യ ഡയറക്ടറുടെ 16-5-2012-ലെ ഇ2-18339/11 നമ്പർ കത്ത്.

4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13-8-2012-ലെ എൽ.എഫ്. 13402/ആർ1/2012 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് മേൽ രണ്ടാമതായി വായിച്ച ഉത്തരവ് പ്രകാരം പുതുക്കിയ ശമ്പള നിരക്കുകൾക്ക് 1-7-2009 മുതൽ പ്രാബല്യം നൽകി ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

2. പെൻഷൻ പരിഷ്ക്കരണം സംബന്ധിച്ച വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. വിരമിച്ച കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പുതുക്കിയ പെൻഷൻ നിരക്കുകൾ 1-7-2009 മുതൽ പ്രാബല്യം നൽകി പെൻഷൻ പരിഷ്ക്കരിച്ച് താഴെ പറയുംപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു :

**1. അടിസ്ഥാന തത്വങ്ങൾ**

1.1 പുതുക്കിയ പെൻഷൻ നിരക്കുകൾക്ക് 1-7-2009 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

1.2 പരിഷ്ക്കരിച്ച ഏറ്റവും കുറഞ്ഞ പെൻഷൻ/കുടുംബ പെൻഷൻ പ്രതിമാസം 4500 രൂപയും ഏറ്റവും കൂടിയ പെൻഷൻ നഗരസഭാ കണ്ടിജന്റ് ജീവനക്കാരുടെ ഏറ്റവും ഉയർന്ന ശമ്പള സ്കെയിലിന്റെ പരമാവധിയുടെ 60 ശതമാനവും കുടുംബ പെൻഷൻ ഏറ്റവും ഉയർന്ന ശമ്പള സ്കെയിലിന്റെ പരമാവധിയുടെ 40 ശതമാനവുമായിരിക്കും.

**2. 1-7-2009-ലോ അതിനുശേഷമോ സർവ്വീസിൽ നിന്ന് പിരിയുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ പെൻഷൻ/കുടുംബ പെൻഷൻ എന്നിവയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരം**

2.1 1-7-2009-ലോ അതിനുശേഷമോ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരെ സംബന്ധിച്ച് അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നിലവിലുള്ള സാധാരണ ഫോർമുല/ചട്ടങ്ങൾ പ്രയോഗിച്ചുകൊണ്ട് 1-7-2009 മുതൽ പരിഷ്ക്കരിച്ച ശമ്പളത്തിനെ അടിസ്ഥാനമാക്കി കണക്കാക്കുന്നതാണ്. ഇവർക്ക് ഖണ്ഡിക 5-ൽ പറഞ്ഞിരിക്കുന്ന പ്രകാരം അടിസ്ഥാന പെൻഷന്റെ 40% (1-7-2009-ലോ അതിനുശേഷമോ വിരമിച്ചവർക്ക്) പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നതിനും ഖണ്ഡിക 6-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഡി.സി.ആർ.ജി.-യുടെ ഉയർന്ന പരിധിയായ 7,00,000-നും (1-7-2009-ലോ അതിനുശേഷമോ സർവ്വീസിൽ നിന്ന് പിരിയുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തവർക്ക്) ഖണ്ഡിക 8-ലെ വ്യവസ്ഥകൾ അനുസരിച്ച് ഉയർത്തിയ മെഡിക്കൽ അലവൻസിന് 1-2-2011 മുതലും പുതുക്കിയ ശമ്പളസ്കെയിൽ അനുസരിച്ച് ടെർമിനൽ ലീവ് സറണ്ടറിനും അർഹതയുണ്ടായിരിക്കുന്നതാണ്.

2.2 മുഴുവൻ പെൻഷനോ അതിന്റെ ഭാഗമോ (യോഗ്യമായ സേവനകാലത്തെ അടിസ്ഥാനമാക്കി) എന്ന വ്യവസ്ഥയ്ക്ക് വിധേയമായി എല്ലാ സംഗതികളിലും 10 മാസത്തെ ശരാശരി വേതനത്തിന്റെ 50% പെൻഷൻ കണക്കാക്കുന്ന നിലവിലുള്ളരീതി അതുപോലെ തുടരുന്നതാണ്. കുടുംബ പെൻഷന്റെ സാധാരണ തോത് അവസാനം ലഭിച്ച അടിസ്ഥാന ശമ്പളത്തിന്റെ 30% ആയി തുടരുന്നതാണ്.

3/1945/2013/DTP.

2.3 1-7-2009-ലോ അതിനുശേഷമോ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിട്ടുള്ളവരും മേൽപ്പറഞ്ഞ പത്തുമാസ കാലാവധിയുടെ ഏതെങ്കിലും ഭാഗത്ത് പുതുക്കിയ സ്കെയിലിന് മുമ്പുള്ള സ്കെയിലിൽ വേതനം സ്വീകരിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ പെൻഷന് വേണ്ടിയുള്ള ശരാശരി വേതനത്തിന്റെ ആവശ്യത്തിലേക്കായി പത്തുമാസത്തെ വേതനം കണക്കാക്കുന്നതിലേക്ക് പുതുക്കിയ സ്കെയിലിനു മുൻപ് അവർ സ്വീകരിച്ചുകൊണ്ടിരുന്ന വേതനത്തോടൊപ്പം 64 ശതമാനം ഡി.എ. ചേർത്ത് അവരുടെ ശമ്പളം നോഷണൽ ആയി വർദ്ധിപ്പിക്കാവുന്നതാണ്.

2.4 പെൻഷണർമാർക്കും/കുടുംബപെൻഷണർക്കും (1-7-2009-നു ശേഷം സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തവർ) പുതുക്കിയ പെൻഷന്റെ/കുടുംബ പെൻഷന്റെ 18% എന്ന നിരക്കിൽ 1-7-2010 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ക്ഷാമാശ്വാസത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2.5 പുതുക്കിയ ശമ്പളസ്കെയിലിന് മുൻപുള്ള ശമ്പള സ്കെയിലിൽ തുടരുകയും 1-7-2009-ലോ അതിനുശേഷമോ സർവ്വീസിൽ നിന്ന് വിരമിക്കുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാരുടെ സംഗതിയിൽ അവരുടെ പെൻഷൻ, ഡി.സി.ആർ.ജി., കുടുംബ പെൻഷൻ എന്നിവ അതതു സംഗതികളിൽ ഈ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി കണക്കാക്കുന്നതാണ്. ഇത്തരം സംഗതികളിൽ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുള്ള വേതനം എന്നത് പുതിയ ശമ്പള സ്കെയിലിന് മുമ്പുണ്ടായിരുന്ന ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 64% ഡി.എ. ചേർത്ത തുകയാണ്. ഡി.സി.ആർ.ജി.-ക്ക് വേണ്ടിയുള്ള വേതനത്തിൽ വിരമിക്കൽ തീയതിയിൽ അയാൾക്ക് അവകാശപ്പെട്ട ഡി.എ.-യും കൂടി ഉൾപ്പെടുത്തുന്നതും ഇത്തരം സംഗതികളിൽ ഡി.സി.ആർ.ജി. കണക്കാക്കേണ്ടത് അടിസ്ഥാന ശമ്പളത്തോടൊപ്പം 64% ഡി. എ. ലയിപ്പിച്ചശേഷം ലഭ്യമായ പുതുക്കിയ ഡി.എ. യുടെ അടിസ്ഥാനത്തിൽ ആവണം.

**3. 1-7-2009-ന് മുൻപ് സർവ്വീസിൽ നിന്ന് വിരമിക്കുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ പെൻഷൻ പരിഷ്ക്കാരം.**

3.1 1-7-2009-നു മുമ്പ് സർവ്വീസിൽ നിന്ന് വിരമിക്കുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ പെൻഷൻ താഴെ കൊടുത്തിരിക്കുന്നവ അടിസ്ഥാനമാക്കിയായിരിക്കണം.

3.2 പരിഷ്കരിച്ച അടിസ്ഥാന പെൻഷൻ—പുതുക്കിയ അടിസ്ഥാന പെൻഷൻ കണക്കാക്കുന്നതിലേക്കായി താഴെ പറയുന്നവയുടെ കണക്കാക്കിയ മൂല്യം ആദ്യം കണ്ടെത്തേണ്ടതാണ്.

(i) നിലവിലുള്ള അടിസ്ഥാന പെൻഷൻ

(ii) നിലവിലുള്ള അടിസ്ഥാന പെൻഷന്റെ 12% നിരക്കിൽ ഫിറ്റ്മെന്റ് ബെനിഫിറ്റ് (Fitment benefit) ഇങ്ങനെ കണക്കാക്കുമ്പോൾ ഒരു രൂപയുടെ ഭിന്നകങ്ങൾ വരികയാണെങ്കിൽ അടുത്ത ഉയർന്ന രൂപയിൽ അത് നിശ്ചയിക്കാവുന്നതാണ്.

(iii) നിലവിലുള്ള അടിസ്ഥാന പെൻഷന്റെ 64% [അതായത് മേൽപ്പറഞ്ഞ (i)-ന്റെ] ഭിന്നകങ്ങൾ വരികയാണെങ്കിൽ അടുത്ത ഉയർന്ന രൂപയിൽ അത് നിശ്ചയിക്കാവുന്നതാണ്.

മുകളിൽ പറഞ്ഞപ്രകാരം കണക്കാക്കിയ ആകെ തുക 1-7-2009 മുതലുള്ള സഞ്ചിത പെൻഷൻ (Consolidated pension) ആയി കണക്കാക്കുന്നതാണ്.

3.3 (പെൻഷൻ കണക്കാക്കൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.)

30 വർഷമോ അതിലധികമോ ക്വാളിഫയിംഗ് സർവ്വീസുള്ള പെൻഷണർമാരുടെ കാര്യത്തിൽ മുകളിലെ വ്യവസ്ഥകൾ പ്രകാരം കണക്കാക്കിയിട്ടുള്ള സഞ്ചിത പെൻഷൻ, പെൻഷണർ വിരമിച്ചിട്ടുള്ള തസ്തികയ്ക്ക് സമാനമായ പുതുക്കിയ ശമ്പളസ്കെയിലിന്റെ മിനിമത്തിന്റെ 50%-ൽ താഴെയായിരിക്കാൻ പാടുള്ളതല്ല. പെൻഷണർക്ക് 30 വർഷത്തിൽ കുറവ് സർവ്വീസേ ഉള്ളൂവെങ്കിൽ പെൻഷനിൽ ആനുപാതികമായ കുറവ് വരുന്നതാണ്.

3.4 30 വർഷമോ അതിലധികമോ ക്വാളിഫയിംഗ് സർവ്വീസുള്ള പെൻഷണർമാരുടെ കാര്യത്തിൽ ഖണ്ഡിക 3.2 പ്രകാരം കണക്കാക്കിയിട്ടുള്ള സഞ്ചിത പെൻഷൻ, പെൻഷണർ റിട്ടയർ ചെയ്ത തസ്തികയ്ക്ക് സമാനമായ പുതുക്കിയ ശമ്പളസ്കെയിലിന്റെ മിനിമത്തിന്റെ 50%-ൽ കുറവാണെങ്കിൽ പരിഷ്ക്കരിച്ച ശമ്പളസ്കെയിലിന്റെ 50%-മായി ക്രമീകരിക്കേണ്ടതാണ്.

3.5 30 വർഷത്തിൽ കുറവ് അംഗീകൃത സർവ്വീസുള്ള പെൻഷണർമാരുടെ കാര്യത്തിൽ ഈ ഉത്തരവിനോടൊപ്പം ചേർത്തിട്ടുള്ള പട്ടിക 1-ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം അവരുടെ യോഗ്യതയുള്ള സർവ്വീസ് കാലത്തിന് ആനുപാതികമായ പെൻഷന് മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്.

3.6 ഖണ്ഡിക 3.4, 3.5 എന്നിവ പ്രകാരം കണക്കാക്കിയിട്ടുള്ള/ഫിക്സ് ചെയ്തിട്ടുള്ള സഞ്ചിത പെൻഷനായിരിക്കും പരിഷ്കരിച്ച പെൻഷൻ.

3.7 ആനുപാതിക പെൻഷൻ എന്നതിന് ഏതെങ്കിലും പ്രത്യേക സ്റ്റേജിൽ അവകാശപ്പെട്ട പരമാവധി പെൻഷനെ യോഗ്യതയുള്ള സർവ്വീസ് കാലംകൊണ്ട് ഗുണിച്ചുകിട്ടുന്ന തുക എന്നർത്ഥം (QS/30). ആനുപാതിക പെൻഷൻ കണ്ടെത്തുന്നതിനുള്ള വിശദാംശങ്ങൾ പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്.

3.8 ഏതെങ്കിലും കേസിൽ ഇത്തരത്തിൽ എത്തിച്ചേരുന്ന സംഖ്യ മിനിമം പെൻഷനേക്കാൾ (4500 രൂപ) കുറവാണെങ്കിൽ ഇത് പുതുക്കിയ മിനിമം പെൻഷന്റെ തലത്തിലേക്ക് ഉയർത്തേണ്ടതാണ്. ഖണ്ഡിക 3.2, 3.3 എന്നിവ പ്രകാരം കണ്ടെത്തിയിട്ടുള്ള സഞ്ചിത പെൻഷൻ മിനിമം പെൻഷനേക്കാൾ കൂടുതലാണെങ്കിൽ ആയത് പരിഷ്കരിച്ച പെൻഷനായി കണക്കാക്കുന്നതാണ്.

3.9 പെൻഷണർ അവസാനമായി വഹിച്ചിരുന്നതോ/മരണമടയുന്നതിന് തൊട്ടു മുൻപ് ജോലി ചെയ്തിരുന്നതോ ആയ തസ്തിക അയാൾ റിട്ടയർ ചെയ്ത വകുപ്പിൽ ഇപ്പോൾ നിലവിലില്ലാതിരിക്കുകയോ അല്ലെങ്കിൽ ആ പെൻഷണർ ഉൾപ്പെട്ടിരുന്ന വിഭാഗം, മുഴുവനായി അയാളുടെ പെൻഷനു ശേഷമോ സർവ്വീസിലിരിക്കെ മരണപ്പെട്ടതിനു ശേഷമോ മറ്റ് ശമ്പള സ്കെയിലുകളിലേക്ക് മാറ്റപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ആ ജീവനക്കാരൻ ജോലി ചെയ്തിരുന്നതോ/സർവ്വീസിലിരിക്കെ മരണപ്പെട്ടതോ ആയ പദവിക്ക് തുല്യമായ പുതുക്കിയ ശമ്പളസ്കെയിലിൽ ഏതാണെന്ന് തിരിച്ചറിയാൻ സാധിക്കാത്തവിധം മാറിയിട്ടുണ്ടെങ്കിലോ പുതുക്കിയ അടിസ്ഥാന പെൻഷൻ 28-2-2011-ലെ ജി. ഒ. (പി) 87/2011/ധന ഉത്തരവിന്റെ പട്ടിക 3-ൽ പറഞ്ഞിരിക്കുന്ന പ്രകാരം തുടർന്ന് നടത്തിയിട്ടുള്ള ശമ്പള പരിഷ്ക്കരണങ്ങളിൽ തത്തുല്യമായ ശമ്പള സ്കെയിലിന് അടിസ്ഥാനമാക്കി ഫിക്സ് ചെയ്യാവുന്നതാണ്.

3.10 ഖണ്ഡിക 3-ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ എക്സ്ഗ്രേഷ്യാ പെൻഷണർമാരുടെ കേസിൽ ബാധകമാക്കുന്നതല്ല.

3.11 ജി. ഒ. (പി) നമ്പർ 405/92/ഫിൻ തീയതി 21-5-1992 പ്രകാരം പ്രോ-റേറ്റാ പെൻഷണർമാർക്ക് അവർ ഉൾപ്പെട്ടിരുന്ന സർവ്വീസിൽ നിന്നുമുള്ള അന്തിമ വിടുതലിന്റെ അടിസ്ഥാനത്തിൽ പെൻഷന് ക്ഷാമാശ്വാസം നൽകുന്നതാണ്. അതുകൊണ്ട് 4500 രൂപ മിനിമം അടിസ്ഥാന പെൻഷൻ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പ്രോ-റേറ്റാ പെൻഷണർമാർക്കും ഖണ്ഡിക 3.2-ൽ പറഞ്ഞിട്ടുള്ള പെൻഷൻ കൺസോളിഡേഷൻ ബാധകമാണ്. എങ്കിൽ തന്നെയും പെൻഷണർ റിട്ടയർ ചെയ്ത പദവിക്ക് തുല്യമായ പുതുക്കിയ ശമ്പളസ്കെയിലിലെ മിനിമത്തെ അടിസ്ഥാനമാക്കിയുള്ള പെൻഷൻ പരിഷ്കരണം ഇവർക്ക് ബാധകമാവുന്നതല്ല.
(ഖണ്ഡിക 3.3, 3.4 എന്നിവയിലും പട്ടിക 1-ലും സൂചിപ്പിച്ചിരിക്കുന്നതുപോലെയുള്ള)

3.12 1-7-2009-നു മുമ്പ് സർവ്വീസിൽ നിന്നും വിരമിക്കുകയും തുടർന്ന് പുനർ നിയമനം നേടുകയും ചെയ്തവരുടെ കാര്യത്തിൽ അവരുടെ പുനർ നിയമന തസ്തികയിലെ അടിസ്ഥാന ശമ്പളം, 64% ക്ഷാമബത്തയും, 12% ഫിറ്റ്മെന്റ് ബെനിഫിറ്റും ചേർത്തതിൽ നിന്നും അടിസ്ഥാന പെൻഷനും 64% ക്ഷാമാശ്വാസവും ചേർത്തുള്ള തുക കുറവ് ചെയ്ത് കണക്കാക്കുന്നതാണ്.

3.13 ഖണ്ഡിക 3 പ്രകാരം കണക്കാക്കിയിട്ടുള്ള പുതുക്കിയ പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നതല്ല.

**4. 1-7-2009-ന് മുൻപ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ കുടുംബ പെൻഷൻ പരിഷ്കാരം.**

4.1 1-7-2009-നു മുമ്പ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ കുടുംബ പെൻഷൻ ഇതിൽ പറഞ്ഞിരിക്കുന്ന തത്വങ്ങൾക്ക് വിധേയമായി 1-7-2009 മുതൽ പുതുക്കി നിശ്ചയിക്കുന്നതാണ്.

4.2 1-7-2004-നു മുമ്പ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ പരിഷ്കരിച്ച കുടുംബ പെൻഷൻ കണക്കാക്കുന്നതിന് താഴെപ്പറയുന്നവയുടെ കണക്കാക്കിയ മൂല്യം ആദ്യം കണ്ടെത്തേണ്ടതാണ്.

(i) നിലവിലുള്ള അടിസ്ഥാന കുടുംബ പെൻഷൻ.

(ii) നിലവിലുള്ള അടിസ്ഥാന കുടുംബ പെൻഷന്റെ 12% ഫിറ്റ്മെന്റ് ബെനിഫിറ്റ്
[അതായത് മേൽപ്പറഞ്ഞ (i)-ന്റെ]

(iii) നിലവിലുള്ള അടിസ്ഥാന കുടുംബ പെൻഷന്റെ 64% ക്ഷാമാശ്വാസം
[അതായത് മേൽപ്പറഞ്ഞ (i)-ന്റെ]

4.3 മേൽപ്പറഞ്ഞ പരിഷ്കാരങ്ങൾ സാധാരണയും ഉയർന്നതുമായ നിരക്കുകളിലുള്ള കുടുംബ പെൻഷന് ഒരേപോലെ ബാധകമാണ്.

4.4 ഏറ്റവും ഉയർന്ന കുടുംബ പെൻഷൻ കണ്ടിജന്റ് ജീവനക്കാരുടെ ഏറ്റവും ഉയർന്ന ശമ്പളസ്കെയിലിന്റെ പരമാവധിയുടെ 40% ആയിരിക്കും.

4.5 സാധാരണ കുടുംബ പെൻഷന്റെ സംഗതിയിൽ പട്ടിക 2-ലെ കോളം 4-ൽ കാണിച്ചിരിക്കുന്ന പ്രകാരം ആ പെൻഷണർ റിട്ടയർ ചെയ്തതോ സർവ്വീസിലിരിക്കെ മരണപ്പെട്ടതോ ആയ പദവിയുടെ പുതുക്കിയ സ്കെയിലിലെ മിനിമത്തിന് തുല്യമായ കുടുംബ പെൻഷനേക്കാൾ കുറവാണ് ഖണ്ഡിക 4.2 (i) മുതൽ (iii) വരെ കാണിച്ചിരിക്കുന്നവയുടെ ആകെ തുകയെങ്കിൽ മിനിമം 4500 രൂപ എന്ന പരിധിക്ക് വിധേയമായി മേൽപ്പറഞ്ഞ തുക ഉയർത്തേണ്ടതാണ്. പെൻഷണർ റിട്ടയർ ചെയ്തതോ സർവ്വീസിലിരിക്കെ മരണപ്പെട്ടതോ ആയ പദവിക്ക് തുല്യമായ പുതുക്കിയ സ്കെയിൽ നിർണ്ണയിക്കുന്നതിന് ഖണ്ഡിക 3.9-ലെ വ്യവസ്ഥകൾ ബാധകമാക്കുന്നതാണ്.

4.6 മിനിമം നിരക്കിൽ കുടുംബ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയും പുതുക്കിയ നിരക്കിൽ പെൻഷൻ കണക്കാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ കുടുംബ പെൻഷൻ പുതുക്കിയ നിരക്കിനനുസരിച്ചുള്ള 4500 രൂപയായി നിർണ്ണയിക്കുന്നതാണ്. 11-12-1986-ലെ സ. ഉ. (പി) 146/86/ധന ഉത്തരവ് പ്രകാരം മിനിമം കുടുംബ പെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ പ്രത്യേക കേസായി അലവൻസ് അനുവദിക്കപ്പെട്ടിട്ടുള്ളതോ ആയ കേസുകളിൽ പെൻഷണർ റിട്ടയർ ചെയ്തിട്ടുള്ള തസ്തികയുടെ സമാനമായ പുതുക്കിയ ശമ്പള സ്കെയിലിന്റെ മിനിമത്തിനനുസൃതമായി ഖണ്ഡിക 4.5-ൽ പറയുംപ്രകാരം കുടുംബ പെൻഷൻ പരിഷ്കരിക്കുന്നതല്ല. അവർക്ക് പരിഷ്കരിച്ച മിനിമം കുടുംബ പെൻഷനായ 4500 രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ.

**5. പെൻഷൻ കമ്മ്യൂട്ടേഷൻ, പെൻഷൻ കമ്മ്യൂട്ട് ചെയ്ത ഭാഗം പുനഃസ്ഥാപിക്കലും**

അടിസ്ഥാന പെൻഷന്റെ 40% കമ്മ്യൂട്ട് ചെയ്യാം എന്നുള്ള നിലവിലെ വ്യവസ്ഥ തുടരുന്നതാണ്. 1-7-2009-നോ അതിനുശേഷമോ സർവ്വീസിൽ നിന്നും വിരമിച്ചവർക്കു മാത്രമേ പരിഷ്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കമ്മ്യൂട്ട് ചെയ്യാനുള്ള അനുവാദമുള്ളൂ. കമ്മ്യൂട്ടേഷൻ ഫാക്ടർ (Commutation factor), കമ്മ്യൂട്ടേഷൻ പുനഃസ്ഥാപനം (Restoration) എന്നിവ സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ തുടരുന്നതാണ്.

**6. ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയുടെ പരിധി**

പരമാവധി ഡി.സി.ആർ.ജി.-യുടെ പരിധി 1-7-2009 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 3,30,000-ൽ നിന്നും 7,00,000 ആക്കി ഉയർത്തുന്നു.

7. 1-7-2009 മുതൽ പെൻഷണർമാർക്കും കുടുംബ പെൻഷണർമാർക്കും താഴെ പറയുന്ന വിധത്തിൽ ക്ഷാമാശ്വാസം അനുവദിക്കുന്നതാണ്.

| *തീയതി* | *ക്ഷാമാശ്വാസത്തിന്റെ തോത്* | *മൊത്തം* |
|---|---|---|
| 1-7-2009 | 0% | 0% |
| 1-1-2010 | 8% | 8% |
| 1-7-2010 | 10% | 18% |

**8. മെഡിക്കൽ അലവൻസ്**

പെൻഷണർമാർക്കും കുടുംബ പെൻഷണർമാർക്കും 1-2-2011 മുതൽ പ്രതിമാസം 300 രൂപ മെഡിക്കൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഉയർന്ന നിരക്കിലുള്ളതും പുതുതായി യോഗ്യത നേടിയ വിഭാഗങ്ങളിൽപ്പെട്ടവർക്കുമുള്ള മെഡിക്കൽ അലവൻസ് പെൻഷൻ/കുടുംബ പെൻഷൻ എന്നിവ പുനർനിർണ്ണയം നടത്തുന്നതിന് മുൻപ് തന്നെ വിതരണം നടത്താവുന്നതാണ്.

**9. പെൻഷൻ കുടിശ്ശിക**

9.1 അധിക സാമ്പത്തിക ബാധ്യത അതത് നഗരസഭകൾ വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പെൻഷൻ കുടിശ്ശികയ്ക്ക് 1-4-2010 മുതൽ പ്രാബല്യം നൽകുന്നു.

9.2 പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചതിനെ തുടർന്ന് അധികം പറ്റിയിട്ടുള്ള തുക ഡി.സി.ആർ.ജി., പെൻഷൻ കുടിശ്ശിക, ഡി.എ. കുടിശ്ശിക, പെൻഷന്റെ ഭാവിയിലുണ്ടാകുന്ന ക്ഷാമാശ്വാസം എന്നിവയിൽ നിന്നും റിക്കവർ ചെയ്യുന്നതാണ്.

**10. എക്സ്ഗ്രേഷ്യാ പെൻഷൻ**

10.1 1-7-2009 മുതൽ പ്രാബല്യത്തിൽ എക്സ്ഗ്രേഷ്യാ പെൻഷൻകാരുടെ പെൻഷൻ താഴെ പറയുംപ്രകാരം പരിഷ്ക്കരിക്കുന്നു :

| *സർവ്വീസ് പൂർത്തിയാക്കിയ വർഷം* | *പുതുക്കിയ മാസതുക* |
|---|---|
| 9 വർഷം | 4050 |
| 8 വർഷം | 3600 |
| 7 വർഷം | 3150 |
| 6 വർഷം | 2700 |
| 5 വർഷം | 2250 |
| 4 വർഷം | 1800 |
| 3 വർഷവും അതിനു താഴെയും | 1350 |

10.2 മേൽപ്പറഞ്ഞ നിരക്ക് 1-7-2009-ന് മുമ്പും അതിനുശേഷവും വിരമിച്ചവർക്കും ഒരുപോലെ ബാധകമാക്കുന്നതാണ്.

10.3 എക്സ്ഗ്രേഷ്യാ പെൻഷൻകാരുടെ പെൻഷൻകാർക്ക് ക്ഷാമാശ്വാസത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**11. പുതുക്കിയ പെൻഷൻ ക്ലെയിമിന്റെ അധികാരപ്പെടുത്തൽ**

കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ 1-7-2009 മുതൽ അനുമതി നൽകിയ പുതുക്കിയ ശമ്പള നിർണ്ണയത്തെ തുടർന്ന് പുതുക്കിയ പെൻഷൻ നിരക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അധികാരപ്പെടുത്തി നൽകുന്നതാണ്. പെൻഷൻ അനുവദിക്കുന്ന അധികാരി പുതുക്കിയ സ്കെയിലിന്റെ അടിസ്ഥാനത്തിൽ പരിഷ്കരണം ആവശ്യമായ എല്ലാ പെൻഷൻ സംഗതികളിലും സർവ്വീസ് ബുക്ക്, ശമ്പളനിർണ്ണയ സ്റ്റേറ്റ്മെന്റ്, പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ പ്രകാരം കണക്കുകൂട്ടലുകൾ നടത്തിയ ഒരു സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതാണ്.

12. ബാധ്യത—പെൻഷൻ പരിഷ്കരണംമൂലം ഉണ്ടാകുന്ന അധിക ബാധ്യത അതത് നഗരസഭകൾ തന്നെ വഹിക്കേണ്ടതാണ്.

13. ശമ്പളസ്കെയിൽ, അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം, റിട്ടയർമെന്റ് സമയത്തെ പദവി, യോഗ്യതാ സർവ്വീസ് എന്നിവ പെൻഷൻ രേഖകളിൽ ലഭ്യമല്ല എങ്കിൽ മേൽപ്പറഞ്ഞവ തെളിയിക്കുന്നതിനുള്ള രേഖകളോ അല്ലെങ്കിൽ പെൻഷൻ അനുവദിക്കുന്ന അധികാര കേന്ദ്രത്തിൽ നിന്നും ഇതു സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റോ അനുബന്ധം 1-ൽ കാണിച്ചിരിക്കുന്ന അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ രൂപം അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്.

14. പലവക—പെൻഷൻ, കുടുംബ പെൻഷൻ എന്നിവ കണക്കാക്കുന്നതിനുള്ള പട്ടിക (ഷെഡ്യൂൾ 1-ഉം 2-ഉം) അനുബന്ധമായി ചേർത്തിരിക്കുന്നു.

15. ഈ പെൻഷൻ പരിഷ്കരണ ഉത്തരവ് പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ നിന്നും വിരമിച്ചിട്ടുള്ള ജീവനക്കാർക്ക് ബാധകമല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. ജലീൽ,
*സ്പെഷ്യൽ സെക്രട്ടറി.*

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും.
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും.
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :—തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്.

SCHEDULE I

TABLE FOR CALCULATION OF PENSION—QUALIFYING SERVICE RANGE FROM MAXIMUM TO 20 YEARS

| *Sl. No.* | *Basic Pay* | *Max. Pension* | **29** yrs. | **28** yrs. | **27** yrs. | **26** yrs. | **25** yrs. | **24** yrs. | **23** yrs. | **22** yrs. | **21** yrs. | **20** yrs. | **19** yrs. | **18** yrs. | **17** yrs. | **16** yrs. | **15** yrs. | **14** yrs. | **13** yrs. | **12** yrs. | **11** yrs. | **10** yrs. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) | (20) | (21) | (22) | (23) |
| 1 | 8500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 2 | 8730 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 3 | 8960 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 4 | 9190 | 4595 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 5 | 9440 | 4720 | 4563 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 6 | 9690 | 4845 | 4684 | 4522 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 7 | 9940 | 4970 | 4804 | 4639 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 8 | 10210 | 5105 | 4935 | 4765 | 4595 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 9 | 10480 | 5240 | 5065 | 4891 | 4716 | 4541 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 10 | 10750 | 5375 | 5196 | 5017 | 4838 | 4658 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 11 | 11020 | 5510 | 5326 | 5143 | 4959 | 4775 | 4592 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 12 | 11320 | 5660 | 5471 | 5283 | 5094 | 4905 | 4717 | 4528 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 13 | 11620 | 5810 | 5616 | 5423 | 5229 | 5035 | 4842 | 4648 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 14 | 11920 | 5960 | 5761 | 5563 | 5364 | 5165 | 4967 | 4768 | 4569 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 15 | 12220 | 6110 | 5906 | 5703 | 5499 | 5295 | 5092 | 4888 | 4684 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 16 | 12550 | 6275 | 6066 | 5857 | 5648 | 5438 | 5229 | 5020 | 4811 | 4602 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 17 | 12880 | 6440 | 6225 | 6011 | 5796 | 5581 | 5367 | 5152 | 4937 | 4723 | 4508 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 18 | 13210 | 6605 | 6385 | 6165 | 5945 | 5724 | 5504 | 5284 | 5064 | 4844 | 4624 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 19 | 13540 | 6770 | 6544 | 6319 | 6093 | 5867 | 5642 | 5416 | 5190 | 4965 | 4739 | 4513 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 20 | 13900 | 6950 | 6718 | 6487 | 6255 | 6023 | 5792 | 5560 | 5328 | 5097 | 4865 | 4633 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 21 | 14260 | 7130 | 6892 | 6655 | 6417 | 6179 | 5942 | 5704 | 5466 | 5229 | 4991 | 4753 | 4516 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 22 | 14620 | 7310 | 7066 | 6823 | 6579 | 6335 | 6092 | 5848 | 5604 | 5361 | 5117 | 4873 | 4630 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 23 | 14980 | 7490 | 7240 | 6991 | 6741 | 6491 | 6242 | 5992 | 5742 | 5493 | 5243 | 4993 | 4744 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 24 | 15380 | 7690 | 7434 | 7177 | 6921 | 6665 | 6408 | 6152 | 5896 | 5639 | 5383 | 5127 | 4870 | 4614 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 25 | 15780 | 7890 | 7627 | 7364 | 7101 | 6838 | 6575 | 6312 | 6049 | 5786 | 5523 | 5260 | 4997 | 4734 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |

| | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 26 | 16180 | 8090 | 7820 | 7551 | 7281 | 7011 | 6742 | 6472 | 6202 | 5933 | 5663 | 5393 | 5124 | 4854 | 4584 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 27 | 16580 | 8290 | 8014 | 7737 | 7461 | 7185 | 6908 | 6632 | 6356 | 6079 | 5803 | 5527 | 5250 | 4974 | 4698 | 4500 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 28 | 16980 | 8490 | 8207 | 7924 | 7641 | 7358 | 7075 | 6792 | 6509 | 6226 | 5943 | 5660 | 5377 | 5094 | 4811 | 4528 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 29 | 17420 | 8710 | 8420 | 8129 | 7839 | 7549 | 7258 | 6968 | 6678 | 6387 | 6097 | 5807 | 5516 | 5226 | 4936 | 4645 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 30 | 17860 | 8930 | 8632 | 8335 | 8037 | 7739 | 7442 | 7144 | 6846 | 6549 | 6251 | 5953 | 5656 | 5358 | 5060 | 4763 | 4500 | 4500 | 4500 | 4500 | 4500 | 4500 |
| 31 | 18300 | 9150 | 8845 | 8540 | 8235 | 7930 | 7625 | 7320 | 7015 | 6710 | 6405 | 6100 | 5795 | 5490 | 5185 | 4880 | 4575 | 4500 | 4500 | 4500 | 4500 | 4500 |
| 32 | 18740 | 9370 | 9058 | 8745 | 8433 | 8121 | 7808 | 7496 | 7184 | 6871 | 6559 | 6247 | 5934 | 5622 | 5310 | 4997 | 4685 | 4500 | 4500 | 4500 | 4500 | 4500 |
| 33 | 19240 | 9620 | 9299 | 8979 | 8658 | 8337 | 8017 | 7696 | 7375 | 7055 | 6734 | 6413 | 6093 | 5772 | 5451 | 5131 | 4810 | 4500 | 4500 | 4500 | 4500 | 4500 |
| 34 | 19740 | 9870 | 9541 | 9212 | 8883 | 8554 | 8225 | 7896 | 7567 | 7238 | 6909 | 6580 | 6251 | 5922 | 5593 | 5264 | 4935 | 4606 | 4500 | 4500 | 4500 | 4500 |
| 35 | 20240 | 10120 | 9783 | 9445 | 9108 | 8771 | 8433 | 8096 | 7759 | 7421 | 7084 | 6747 | 6409 | 6072 | 5735 | 5397 | 5060 | 4723 | 4500 | 4500 | 4500 | 4500 |
| 36 | 20740 | 10370 | 10024 | 9679 | 9333 | 8987 | 8642 | 8296 | 7950 | 7605 | 7259 | 6913 | 6568 | 6222 | 5876 | 5531 | 5185 | 4839 | 4500 | 4500 | 4500 | 4500 |
| 37 | 21240 | 10620 | 10266 | 9912 | 9558 | 9204 | 8850 | 8496 | 8142 | 7788 | 7434 | 7080 | 6726 | 6372 | 6018 | 5664 | 5310 | 4956 | 4602 | 4500 | 4500 | 4500 |
| 38 | 21800 | 10900 | 10537 | 10173 | 9810 | 9447 | 9083 | 8720 | 8357 | 7993 | 7630 | 7267 | 6903 | 6540 | 6177 | 5813 | 5450 | 5087 | 4723 | 4500 | 4500 | 4500 |
| 39 | 22360 | 11180 | 10807 | 10435 | 10062 | 9689 | 9317 | 8944 | 8571 | 8199 | 7826 | 7453 | 7081 | 6708 | 6335 | 5963 | 5590 | 5217 | 4845 | 4500 | 4500 | 4500 |
| 40 | 22920 | 11460 | 11078 | 10696 | 10314 | 9932 | 9550 | 9168 | 8786 | 8404 | 8022 | 7640 | 7258 | 6876 | 6494 | 6112 | 5730 | 5348 | 4966 | 4584 | 4500 | 4500 |
| 41 | 23480 | 11740 | 11349 | 10957 | 10566 | 10175 | 9783 | 9392 | 9001 | 8609 | 8218 | 7827 | 7435 | 7044 | 6653 | 6261 | 5870 | 5479 | 5087 | 4696 | 4500 | 4500 |
| 42 | 24040 | 12020 | 11619 | 11219 | 10818 | 10417 | 10017 | 9616 | 9215 | 8815 | 8414 | 8013 | 7613 | 7212 | 6811 | 6411 | 6010 | 5609 | 5209 | 4808 | 4500 | 4500 |
| 43 | 24660 | 12330 | 11919 | 11508 | 11097 | 10686 | 10275 | 9864 | 9453 | 9042 | 8631 | 8220 | 7809 | 7398 | 6987 | 6576 | 6165 | 5754 | 5343 | 4932 | 4521 | 4500 |
| 44 | 25280 | 12640 | 12219 | 11797 | 11376 | 10955 | 10533 | 10112 | 9691 | 9269 | 8848 | 8427 | 8005 | 7584 | 7163 | 6741 | 6320 | 5899 | 5477 | 5056 | 4635 | 4500 |
| 45 | 25900 | 12950 | 12518 | 12087 | 11655 | 11223 | 10792 | 10360 | 9928 | 9497 | 9065 | 8633 | 8202 | 7770 | 7338 | 6907 | 6475 | 6043 | 5612 | 5180 | 4748 | 4500 |
| 46 | 26520 | 13260 | 12818 | 12376 | 11934 | 11492 | 11050 | 10608 | 10166 | 9724 | 9282 | 8840 | 8398 | 7956 | 7514 | 7072 | 6630 | 6188 | 5746 | 5304 | 4862 | 4500 |
| 47 | 27140 | 13570 | 13118 | 12665 | 12213 | 11761 | 11308 | 10856 | 10404 | 9951 | 9499 | 9047 | 8594 | 8142 | 7690 | 7237 | 6785 | 6333 | 5880 | 5428 | 4976 | 4523 |
| 48 | 27820 | 13910 | 13446 | 12983 | 12519 | 12055 | 11592 | 11128 | 10664 | 10201 | 9737 | 9273 | 8810 | 8346 | 7882 | 7419 | 6955 | 6491 | 6028 | 5564 | 5100 | 4637 |
| 49 | 28500 | 14250 | 13775 | 13300 | 12825 | 12350 | 11875 | 11400 | 10925 | 10450 | 9975 | 9500 | 9025 | 8550 | 8075 | 7600 | 7125 | 6650 | 6175 | 5700 | 5225 | 4750 |
| 50 | 29180 | 14590 | 14104 | 13617 | 13131 | 12645 | 12158 | 11672 | 11186 | 10699 | 10213 | 9727 | 9240 | 8754 | 8268 | 7781 | 7295 | 6809 | 6322 | 5836 | 5350 | 4863 |
| 51 | 29860 | 14930 | 14432 | 13935 | 13437 | 12939 | 12442 | 11944 | 11446 | 10949 | 10451 | 9953 | 9456 | 8958 | 8460 | 7963 | 7465 | 6967 | 6470 | 5972 | 5474 | 4977 |
| 52 | 30610 | 15305 | 14795 | 14285 | 13775 | 13264 | 12754 | 12244 | 11734 | 11224 | 10714 | 10203 | 9693 | 9183 | 8673 | 8163 | 7653 | 7142 | 6632 | 6122 | 5612 | 5102 |
| 53 | 31360 | 15680 | 15157 | 14635 | 14112 | 13589 | 13067 | 12544 | 12021 | 11499 | 10976 | 10453 | 9931 | 9408 | 8885 | 8363 | 7840 | 7317 | 6795 | 6272 | 5749 | 5227 |
| 54 | 32110 | 16055 | 15520 | 14985 | 14450 | 13914 | 13379 | 12844 | 12309 | 11774 | 11239 | 10703 | 10168 | 9633 | 9098 | 8563 | 8028 | 7492 | 6957 | 6422 | 5887 | 5352 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) | (20) | (21) | (22) | (23) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 55 | 32860 | 16430 | 15882 | 15335 | 14787 | 14239 | 13692 | 13144 | 12596 | 12049 | 11501 | 10953 | 10406 | 9858 | 9310 | 8763 | 8215 | 7667 | 7120 | 6572 | 6024 | 5477 |
| 56 | 33680 | 16840 | 16279 | 15717 | 15156 | 14595 | 14033 | 13472 | 12911 | 12349 | 11788 | 11227 | 10665 | 10104 | 9543 | 8981 | 8420 | 7859 | 7297 | 6736 | 6175 | 5613 |
| 57 | 34500 | 17250 | 16675 | 16100 | 15525 | 14950 | 14375 | 13800 | 13225 | 12650 | 12075 | 11500 | 10925 | 10350 | 9775 | 9200 | 8625 | 8050 | 7475 | 6900 | 6325 | 5750 |
| 58 | 35320 | 17660 | 17071 | 16483 | 15894 | 15305 | 14717 | 14128 | 13539 | 12951 | 12362 | 11773 | 11185 | 10596 | 10007 | 9419 | 8830 | 8241 | 7653 | 7064 | 6475 | 5887 |
| 59 | 36140 | 18070 | 17468 | 16865 | 16263 | 15661 | 15058 | 14456 | 13854 | 13251 | 12649 | 12047 | 11444 | 10842 | 10240 | 9637 | 9035 | 8433 | 7830 | 7228 | 6626 | 6023 |
| 60 | 37040 | 18520 | 17903 | 17285 | 16668 | 16051 | 15433 | 14816 | 14199 | 13581 | 12964 | 12347 | 11729 | 11112 | 10495 | 9877 | 9260 | 8643 | 8025 | 7408 | 6791 | 6173 |
| 61 | 37940 | 18970 | 18338 | 17705 | 17073 | 16441 | 15808 | 15176 | 14544 | 13911 | 13279 | 12647 | 12014 | 11382 | 10750 | 10117 | 9485 | 8853 | 8220 | 7588 | 6956 | 6323 |
| 62 | 38840 | 19420 | 18773 | 18125 | 17478 | 16831 | 16183 | 15536 | 14889 | 14241 | 13594 | 12947 | 12299 | 11652 | 11005 | 10357 | 9710 | 9063 | 8415 | 7768 | 7121 | 6473 |
| 63 | 39740 | 19870 | 19208 | 18545 | 17883 | 17221 | 16558 | 15896 | 15234 | 14571 | 13909 | 13247 | 12584 | 11922 | 11260 | 10597 | 9935 | 9273 | 8610 | 7948 | 7286 | 6623 |
| 64 | 40640 | 20320 | 19643 | 18965 | 18288 | 17611 | 16933 | 16256 | 15579 | 14901 | 14224 | 13547 | 12869 | 12192 | 11515 | 10837 | 10160 | 9483 | 8805 | 8128 | 7451 | 6773 |
| 65 | 41640 | 20820 | 20126 | 19432 | 18738 | 18044 | 17350 | 16656 | 15962 | 15268 | 14574 | 13880 | 13186 | 12492 | 11798 | 11104 | 10410 | 9716 | 9022 | 8328 | 7634 | 6940 |
| 66 | 42640 | 21320 | 20609 | 19899 | 19188 | 18477 | 17767 | 17056 | 16345 | 15635 | 14924 | 14213 | 13503 | 12792 | 12081 | 11371 | 10660 | 9949 | 9239 | 8528 | 7817 | 7107 |
| 67 | 43640 | 21820 | 21093 | 20365 | 19638 | 18911 | 18183 | 17456 | 16729 | 16001 | 15274 | 14547 | 13819 | 13092 | 12365 | 11637 | 10910 | 10183 | 9455 | 8728 | 8001 | 7273 |
| 68 | 44640 | 22320 | 21576 | 20832 | 20088 | 19344 | 18600 | 17856 | 17112 | 16368 | 15624 | 14880 | 14136 | 13392 | 12648 | 11904 | 11160 | 10416 | 9672 | 8928 | 8184 | 7440 |
| 69 | 45640 | 22820 | 22059 | 21299 | 20538 | 19777 | 19017 | 18256 | 17495 | 16735 | 15974 | 15213 | 14453 | 13692 | 12931 | 12171 | 11410 | 10649 | 9889 | 9128 | 8367 | 7607 |
| 70 | 46640 | 23320 | 22543 | 21765 | 20988 | 20211 | 19433 | 18656 | 17879 | 17101 | 16324 | 15547 | 14769 | 13992 | 13215 | 12437 | 11660 | 10883 | 10105 | 9328 | 8551 | 7773 |
| 71 | 47640 | 23820 | 23026 | 22232 | 21438 | 20644 | 19850 | 19056 | 18262 | 17468 | 16674 | 15880 | 15086 | 14292 | 13498 | 12704 | 11910 | 11116 | 10322 | 9528 | 8734 | 7940 |
| 72 | 48640 | 24320 | 23509 | 22699 | 21888 | 21077 | 20267 | 19456 | 18645 | 17835 | 17024 | 16213 | 15403 | 14592 | 13781 | 12971 | 12160 | 11349 | 10539 | 9728 | 8917 | 8107 |
| 73 | 49740 | 24870 | 24041 | 23212 | 22383 | 21554 | 20725 | 19896 | 19067 | 18238 | 17409 | 16580 | 15751 | 14922 | 14093 | 13264 | 12435 | 11606 | 10777 | 9948 | 9119 | 8290 |
| 74 | 50840 | 25420 | 24573 | 23725 | 22878 | 22031 | 21183 | 20336 | 19489 | 18641 | 17794 | 16947 | 16099 | 15252 | 14405 | 13557 | 12710 | 11863 | 11015 | 10168 | 9321 | 8473 |
| 75 | 51940 | 25970 | 25104 | 24239 | 23373 | 22507 | 21642 | 20776 | 19910 | 19045 | 18179 | 17313 | 16448 | 15582 | 14716 | 13851 | 12985 | 12119 | 11254 | 10388 | 9522 | 8657 |
| 76 | 53040 | 26520 | 25636 | 24752 | 23868 | 22984 | 22100 | 21216 | 20332 | 19448 | 18564 | 17680 | 16796 | 15912 | 15028 | 14144 | 13260 | 12376 | 11492 | 10608 | 9724 | 8840 |
| 77 | 54140 | 27070 | 26168 | 25265 | 24363 | 23461 | 22558 | 21656 | 20754 | 19851 | 18949 | 18047 | 17144 | 16242 | 15340 | 14437 | 13535 | 12633 | 11730 | 10828 | 9926 | 9023 |
| 78 | 55240 | 27620 | 26699 | 25779 | 24858 | 23937 | 23017 | 22096 | 21175 | 20255 | 19334 | 18413 | 17493 | 16572 | 15651 | 14731 | 13810 | 12889 | 11969 | 11048 | 10127 | 9207 |
| 79 | 56340 | 28170 | 27231 | 26292 | 25353 | 24414 | 23475 | 22536 | 21597 | 20658 | 19719 | 18780 | 17841 | 16902 | 15963 | 15024 | 14085 | 13146 | 12207 | 11268 | 10329 | 9390 |
| 80 | 57440 | 28720 | 27763 | 26805 | 25848 | 24891 | 23933 | 22976 | 22019 | 21061 | 20104 | 19147 | 18189 | 17232 | 16275 | 15317 | 14360 | 13403 | 12445 | 11488 | 10531 | 9573 |
